1025 -ാമത് ജൂബിലി വർഷം ആഘോഷിക്കുന്ന

**കാഞ്ഞൂർ സെന്റ് മേരീസ് ഫൊറോന പള്ളിയിൽ**

(വിശുദ്ധ സെബസ്ത്യാനോസിന്റെ പ്രസിദ്ധ തീർത്ഥാടന കേന്ദ്രം)



# വിളിച്ചു വിളികേട്ട കാഞ്ഞൂർ പുണ്യാളൻ

**തിരുനാൾ** എല്ലാ വർഷവും ജനുവരി **19 20** എട്ടാമിടം **26 27**

DR. VINCENT'S HEALTH CARE
A UNIT OF DR. VINCENT & ASSOCIATES

DR. VINCENT & ASSOCIATES
COMPLETE ORTHO CARE

CONSULTATIONS AT :

KURUPPUMPADY, PERUMBAVOOR, CHELAMATTOM, ANGAMALY, ALUVA, VARAPUZHA, MANJUMMEL, ADIMALI

SURGERY SUITS AT :

ST. JOSEPH'S HOSPITAL TRUST, MANJUMMEL
MORNING STAR HOSPITAL, ADIMALI

75103 52255 | 75104 52255 | 75102 52255
drvincentshealthcare2023@gmail.com

FARM FRESH PRODUCTS

La Visinea FARMS
EST. 2012
FAMILY OWNED AND OPERATED

★ നാടൻ പശുവിൻ പാൽ
★ എരുമ പാൽ
★ ആട്ടിൻ പാൽ
★ ടർക്കി കോഴി
★ കരിങ്കോഴി മുട്ട
★ താറാവ് മുട്ട
★ നാടൻ കോഴി മുട്ട
★ നാടൻ കോഴി

LA VISINEA FARM, KOOVAPPADY, PERUMBAVOOR, 683-544
70341 92255 | 75948 12255 | 75940 62255

# പ്രസിദ്ധമായ കാഞ്ഞൂർ ദേവാലയം



കേരളത്തിലെ അതിപുരാതന കത്തോലിക്ക ദേവാലയങ്ങളിൽ ഒന്നാണ് കാഞ്ഞൂർ സെന്റ് മേരീസ് ഫൊറോന പള്ളി. കാഞ്ഞൂരിലെ ക്രൈസ്തവ വിശ്വാസത്തിന്റെയും ആത്മീയ മുന്നേറ്റത്തിന്റെയും പ്രതീകമായി ക്രിസ്തു വർഷം 1001 ൽ സ്ഥാപിതമായ ഈ ചരിത്രപ്രസിദ്ധമായ ദേവാലയം നെടുമ്പാശ്ശേരി എയർപോർട്ടിനു സമീപം കാലടി – ആലുവ റൂട്ടിൽ സ്ഥിതി ചെയ്യുന്നു. ദൈവമാതാവിന്റെ നാമത്തിലുള്ള മനോഹരമായ ഈ പുരാതന ദേവാലയം ഭാരതീയ വാസ്തുശില്പവിദ്യയും പേർഷ്യൻ നിർമ്മാണ ശൈലിയും പോർച്ചുഗീസ് ശില്പചാതുര്യവും ഒത്തു ചേർന്ന ക്രൈസ്തവ ദേവാലയ നിർമ്മാണശൈലിയുടെ ഒരു ഇതിഹാസമാണ്. പുരാതന കൊത്തുപണികൾ, പഴച്ചാറും ഇലച്ചാറും, തങ്കഭസ്മവും ചാലിച്ചെടുത്ത ചിത്രപണികൾകൊണ്ട് അലംകൃതമായ അൾത്താരകൾ, മനോഹരമായ പെയിന്റിംഗുകൾ, ദേവാലയമുറ്റത്തെ ഒറ്റക്കല്ലിൽ തീർത്ത കൽക്കുരിശ്, പ്രധാന കാവടമായ ആനവാതിൽ, കരിങ്കല്ലിൽ തീർത്ത തൂണുകൾ, താമരപ്പൂവിന്റെ രൂപത്തിലുള്ള ഒറ്റക്കൽ മാമ്മോദീസത്തൊട്ടി, വട്ടെഴുത്തുലിപിയിലുള്ള കല്ലറത്തറകല്ലുകൾ, പരിശുദ്ധാരൂപിയുടെ പ്രതീകമുള്ള ചാരുതയാർന്ന പ്രസംഗപീഠം, ശക്തൻ തമ്പുരാനിൽ നിന്നും കാണിക്കയായി ലഭിച്ച പ്രസിദ്ധമായ ആനവിളക്ക്, പുരാതനമായ താളിയോലകൾ, ഫ്രാൻസിൽ നിന്നും കൊണ്ടുവന്ന പുരാതന മണികൾ എന്നിവയെല്ലാം വർഷങ്ങളുടെ സാംസ്ക്കാരിക പൈതൃകവും ചരിത്രസ്മരണകളും ഉണർത്തുന്നവയും കാഞ്ഞൂരിന്റെ ക്രൈസ്തവ പഴമ ലോകത്തോടു വിളിച്ചോതുന്നവയുമാണ്. കാഞ്ഞൂരിലെ ഓല കൊണ്ടുള്ള പഴയ പള്ളി പൊളിച്ച് 1403 –ൽ പുതിയ പള്ളി നിർമ്മിച്ചതായി മദ്ബഹായിലെ ശീലാന്തിയിലെ വട്ടെഴുത്തുകൾ വിളിച്ചു പറയുന്നു, പ്രാചീന ഭാഷയിലെ ലിഖിതങ്ങൾ നൂറ്റാണ്ടുകളുടെ പഴക്കത്തിന് തെളിവുകൾ തരുന്നു. ശക്തൻ തമ്പുരാനും ടിപ്പുസുൽത്താനും പോർച്ചുഗീസ് മെത്രാനും മാർപാപ്പയുടെ പ്രതിനിധിയും കൊടുങ്ങല്ലൂർ അതിരൂപതയുടെ ഭരണകർത്താവുമെല്ലാം കാഞ്ഞൂർ പള്ളിയുടെയും പുണ്യാളന്റെ അത്ഭുതങ്ങളുടെയും ചരിത്ര സാക്ഷികളാണ്. കാഞ്ഞൂർ ഇടകയിൽ 40 കുടുംബ യൂണിറ്റുകളിലായി 1900 കുടുംബങ്ങളാണ് ഉള്ളത്. സുവിശേഷ വേലയിൽ സ്വദേശത്തും വിദേശത്തുമായി 60 വൈദീകരും 300 സിസ്റ്റേഴ്സും സേവനം ചെയ്യുന്നു. എറണാകുളം – അങ്കമാലി അതിരൂപതയിൽ ഏറ്റവും കൂടുതൽ സമർപ്പിതർ കാഞ്ഞൂർ ഇടവകയിൽ നിന്നാണ്.

## സന്ദേശം

**സർവോപരി, ദുഷ്ടന്റെ ജ്വലിക്കുന്ന കൂരമ്പുകളെ കെടുത്തുന്നതിന് നിങ്ങളെ ശക്തരാക്കുന്ന വിശ്വാസത്തിന്റെ പരിച എടുക്കുവിൻ.**
**എഫേസോസ് 6 : 16**

പ്രിയ സഹോദരങ്ങളേ,

ദൈവവിശ്വാസത്തിന്റെ ജ്വാല കൈവിടാതെ സഹനത്തിലും വേദനയിലും അചഞ്ചലമായി നിലകൊണ്ട് സാക്ഷ്യംനല്കിയ വിശുദ്ധ സെബസ്ത്യാനോസ് ഇന്ന് നമ്മുടെ കാഞ്ഞൂർ പള്ളിയിലെ പുണ്യഭൂമിയിലേക്ക് വീണ്ടും നമ്മെയല്ലാം സ്നേഹത്തോടെ വിളിക്കുന്നു. അമ്പുകൾ ചീന്തിയ ശരീരവും പീഡനത്തിന്റെ മുറിവുകളും ധൈര്യവും ചേർന്ന് വി. സെബസ്ത്യാനോസ് നമുക്ക് പങ്കുവെച്ച സന്ദേശം ഹൃദയത്തിൽ ഇടം പിടിക്കേണ്ടതാണ്. യേശുവിനോടുള്ള വിശ്വസ്തതയാണ് യഥാർത്ഥ ശക്തിയും സുവിശേഷ സാക്ഷ്യവുമാകുന്നത്.

വേദനകളും രോഗങ്ങളും അനിശ്ചിതത്വങ്ങളും നേരിടുന്ന ഈ കാലത്ത് വിശുദ്ധന്റെ മധ്യസ്ഥത നമ്മെ വീണ്ടും വിശ്വാസത്തിന്റെ പാതയിലേക്ക് വിളിക്കുന്നു. ഈ തിരുനാൾ, ഓരോ കുടുംബത്തെയും സുവിശേഷത്തിന്റെ പ്രകാശത്തിലേക്കും അനുഗ്രഹത്തിലേക്കും നയിക്കട്ടെ. വി. സെബസ്ത്യാനോസിന്റെ കാവലിൽ നമ്മുടെ മനസ്സുകളും വീടുകളും ശാന്തിയും ആരോഗ്യവും ദൈവാനുഗ്രഹവും നിറഞ്ഞതായിരിക്കട്ടെ. വിശുദ്ധന്റെ മാധ്യസ്ഥ്യം വഴി അനുഗ്രഹങ്ങൾ സമൃദ്ധമായി പ്രാപിക്കുവാൻ തിരുനാൾ കർമ്മങ്ങളിലേക്കു ഹൃദയപൂർവ്വംഏവരെയും സ്വാഗതം ചെയ്യുന്നു.



**ഫാ. ജോയ് കണ്ണമ്പുഴ**
വികാരി

## സഹവികാരിമാർ



**ഫാ. അമൽ പെരിയപ്പാടൻ**



**ഫാ. റിൻസ് പുതുശ്ശേരി**



**ഫാ. ജോസ് വലിയകടവിൽ**

## വി. സെബസ്ത്യാനോസിന്റെ മധ്യസ്ഥപ്രാർത്ഥന

അശരണരുടെ ആശ്രയവും ആശാകേന്ദ്രവുമായ വി.സെബസ്ത്യാനോസേ, വിവിധ ജീവിതപ്രശ്നങ്ങളാൽ വേദനിക്കുന്ന ഞങ്ങൾ അങ്ങയുടെ മദ്ധ്യസ്ഥ സഹായം തേടി ഈ തിരുനടയിൽ അണയുന്നു. കാരുണ്യവാനായ കാഞ്ഞൂർ പുണ്യവാനെ, എന്റെ /ഞങ്ങളുടെ എളിയ അപേക്ഷ ദയാപൂർവ്വം സ്വീകരിച്ച് വളരെ പ്രത്യേകമായി എന്നെ / ഞങ്ങളെ അലട്ടുന്ന വിഷമതകൾ തിരുസന്നിധിയിൽ സമർപ്പിച്ച് അവ പരിഹരിച്ച് തരണമെയെന്ന് വിനയപൂർവ്വം അപേക്ഷിക്കുന്നു. ജീവിതത്തിലെന്നും അങ്ങയെപ്പോലെ സ്നേഹനിധിയായ യേശുനാഥനോട് വിശ്വസ്തരായി വർത്തിക്കുവാനും, ദൈവതിരുമനസ്സിന് കീഴ്വഴങ്ങി ജീവിക്കുവാനും ഞങ്ങളെ പ്രാപ്തരാക്കണമേ. ആമേൻ

# കാഞ്ഞൂരിൽ ജീവിക്കുന്ന വി. സെബസ്ത്യാനോസ്



എറണാകുളം - അങ്കമാലി അതിരൂപതയിലെ കാഞ്ഞൂർ ഫൊറോന പള്ളി പരിശുദ്ധ കന്യകാമറിയത്തിന്റെ നാമധേയത്തിലാണ് സ്ഥാപിച്ചിട്ടുള്ളതെങ്കിലും വിശുദ്ധ സെബസ്ത്യാനോസിനെ ചുറ്റിപ്പറ്റിയുള്ള അത്ഭുതങ്ങളാണ് ഈ തീർത്ഥാടന കേന്ദ്രത്തെ ഇത്ര പ്രസിദ്ധമാക്കിയത്. ഇന്ത്യയിൽ വേറെയെങ്ങും കാണാൻ സാധിക്കാത്ത ഉദയസൂര്യനെപ്പോലെ തേജസ്സുറ്റ ആ ദിവ്യരൂപം ഇറ്റലിയിലെ മിലാനിൽ നിർമ്മിച്ച് എ.ഡി. 1600ൽ പോർച്ചുഗീസ് മിഷണറിമാർ കാഞ്ഞൂർ പള്ളിയിൽ കൊണ്ടുവന്ന് സ്ഥാപിച്ചതാണ്. വലിയ അത്ഭുതശക്തിയുള്ള ഈ രൂപം രൂപക്കൂടിൽ നിന്നും പുറത്തിറക്കാറില്ല. രൂപം പുറത്തിറക്കിയ സന്ദർഭങ്ങളിൽ വിയർത്തെന്നും, അങ്ങാടിയിൽ തീപിടുത്തവും, നാട്ടിൽ പഞ്ഞം, പട, വസൂരി തുടങ്ങിയ അനർത്ഥങ്ങൾ ഉണ്ടായെന്നുമാണ് പറയപ്പെടുന്നത്. പോർച്ചുഗീസിൽ നിന്നും കപ്പലിൽ മൂന്ന് രൂപങ്ങളാണ് കൊണ്ടുവന്നത്. ഒന്ന് കാഞ്ഞൂരിലേക്കും, രണ്ടാമത്തേത് അർത്തുങ്കൽ പള്ളിയിലേക്കും മൂന്നാമത് അതിരമ്പുഴ പള്ളിയിലേക്കും. ഏതു സ്വരൂപമാണ് കാഞ്ഞൂർ പള്ളിയിലേക്കെന്ന ചിന്താക്കുഴപ്പത്തിൽ കപ്പലിൽ വെച്ചു തന്നെ ഒരു രൂപം കാഞ്ഞൂരിനെ ലക്ഷ്യമാക്കി വടക്കുകിഴക്കായി സ്വയം തിരിഞ്ഞെന്നും അപ്പോൾ മുതൽ വിശുദ്ധൻ അത്ഭുതങ്ങൾ പ്രവർത്തിക്കാൻ തുടങ്ങി എന്നും പറയപ്പെടുന്നു. ചരിത്ര പുരുഷന്മാരായ ടിപ്പുസുൽത്താനും ശക്തൻ തമ്പുരാനുമെല്ലാം ഇതിനു അനുഭവസാക്ഷികളാണെന്നും ഭക്തജനങ്ങൾ ഏകസ്വരത്തിൽ ഏറ്റുപറയുന്നു.

വിശുദ്ധന്റെ തിരുനാളിന്റെ പ്രാധാന്യം കണക്കാക്കി തിരുനാൾ ദിനങ്ങളായ ജനുവരി 19, 20, ദിവസങ്ങൾ കാഞ്ഞൂരിന്റെ 10 കി.മീ. ചുറ്റളവിൽ ഫെസ്റ്റിവൽ ഏരിയയായി ഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കുകയാണ്. ഇവിടെ എത്തുന്ന നാനാജാതി തീർത്ഥാടകരുടെ പ്രധാന വഴിപാട് അമ്പ് എഴുന്നള്ളിക്കലാണ്. ഇവിടെ വരുന്നവർക്ക് ഒത്തിരി അത്ഭുതാനുഭവങ്ങൾ പറയുവാനുണ്ട്. പുണ്യാളന്റെ തിരുസന്നിധിയിൽ നേർച്ച നേർന്ന് 9 നൊവേനകളിൽ മുടങ്ങാതെ വന്ന് പ്രാർത്ഥിക്കുമ്പോൾ നിരവധി അത്ഭുതങ്ങളാണ് ദിനംപ്രതി നടക്കുന്നത്. നാട്ടിൽ പടർന്നു പിടിച്ച വസൂരിയിൽ നിന്ന് ഇവിടത്തെ ജനങ്ങളെ രക്ഷിച്ചത്, ജന്മനാ കേൾവി ശക്തിയില്ലാത്ത കുട്ടിയ്ക്ക് കേൾവിശക്തി ലഭിച്ചത്. പള്ളിയുടെ മുൻപിലുള്ള ഇരുനില കെട്ടിടം പൊളിക്കുമ്പോൾ അതിന്റെ മുകളിൽ നിന്നും വീണ സമയത്ത് കാഞ്ഞൂർ പുണ്യാളാ രക്ഷിക്കണമേ... എന്ന് കരഞ്ഞു വിളിച്ചപ്പോൾ ഒരു പോറൽ പോലും ഏൽക്കാതെ ഒരു സഹോദരനെ രക്ഷിച്ചത്, വർഷങ്ങളായി നടക്കാത്ത വിവാഹങ്ങൾ നടക്കുന്നത്. കുഞ്ഞുങ്ങൾ ഇല്ലാത്ത ദമ്പതികൾക്ക് കുഞ്ഞുങ്ങളെ ലഭിക്കുന്നത്, പരീക്ഷയിൽ ഉന്നതവിജയം നേടുന്നത്, വിദേശത്ത് ജോലിക്ക് പോകുവാനുള്ള തടസ്സങ്ങൾ മാറ്റി കൊടുക്കുന്നത്, ഭൂമി വിൽക്കാൻ സാധിക്കുന്നത്, മാറാരോഗങ്ങൾ മാറിക്കിട്ടുന്നത്, അങ്ങനെ എത്രയെത്ര അനുഭവങ്ങളാണ് ഇന്നും ജീവിക്കുന്ന വിളിച്ചു വിളികേട്ട കാഞ്ഞൂരിലെ വി.സെബസ്ത്യാനോസിന്റെ മുൻപിൽ നിത്യവും സാക്ഷ്യപ്പെടുത്തുന്നത്.

## ഭക്തിസാന്ദ്രമായ തിരുനാൾ നൊവേനകൾ

**തിരുനാളിന്റെ മുന്നോടിയായി പള്ളിയിലും കപ്പേളയിലും 9 ദിവസം നീണ്ടു നിൽക്കുന്ന നൊവേനയും വചന സന്ദേശവും നടക്കുന്നു. വിശ്വാസികൾ പുണ്യാളനോടുള്ള ഭക്തിസൂചകമായും വഴിപാടായും നിയോഗം വെച്ചും ഉദ്ദിഷ്ട കാര്യത്തിന് ഉപകാരസ്മരണയുമായും നൊവേന ഏറ്റെടുത്ത് നടത്തുന്നു.**

**കപ്പേളയിൽ :- എല്ലാ വർഷവും ജനുവരി 10 മുതൽ 18 വരെ എല്ലാ ദിവസവും വൈകിട്ട് 5.30ന് കുർബാനയും നൊവേനയും ഉണ്ടായിരിക്കുന്നതാണ്**


**പള്ളിയിൽ :- എല്ലാ വർഷവും ജനുവരി 11 മുതൽ 19 വരെ എല്ലാദിവസവും രാവിലെ 5.30, 7.00, 10.00 എന്നീ സമയങ്ങളിൽ കുർബാനയും നൊവേനയും ഉണ്ടായിരിക്കുന്നതാണ്.**

**നൊവേന ഏറ്റെടുത്ത് നടത്താൻ ആഗ്രഹിക്കുന്നവർ പള്ളി ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.**



# വിളിച്ചു വിളികേട്ട കാഞ്ഞൂർ പുണ്യാളൻ

ടിപ്പുസുൽത്താന്റെ പടയോട്ടക്കാലത്ത് അദ്ദേഹം കീഴടക്കിയ പ്രദേശങ്ങളിലെ പള്ളികളും അമ്പലങ്ങളും തകർത്തിരുന്നു. 1790-ൽ ടിപ്പുസുൽത്താൻ കാഞ്ഞൂർ പള്ളി ആക്രമിക്കുവാൻ പടയുമായി എത്തി. ടിപ്പുവിന്റെ പട വരുന്നതറിഞ്ഞ ഇടവക ജനങ്ങൾ ഓടിക്കൂടി വിശുദ്ധ സെബസ്ത്യാനോസിന്റെ രൂപത്തിനു മുന്നിൽ നിന്ന് കരഞ്ഞു പ്രാർത്ഥിക്കുവാൻ തുടങ്ങി. പള്ളിയെ ആക്രമിക്കുവാൻ ടിപ്പു കല്പന കൊടുത്തപ്പോൾ പുണ്യാളന്റെ അത്ഭുതശക്തിയെക്കുറിച്ച് ഭക്തജനങ്ങൾ സുൽത്താനോടു പറഞ്ഞു. അതുകേട്ട സുൽത്താൻ പറഞ്ഞു. "ഈ കളിമൺ പ്രതിമക്ക് അത്ഭുതശക്തി ഉണ്ടെങ്കിൽ പുണ്യാളൻ നമ്മോട് നേരിട്ട് സംസാരിക്കട്ടെ" എന്ന്. അപ്പോൾ ഭക്തജനങ്ങൾ കൂട്ടനിലവിളിയോടെ "കാഞ്ഞൂർ പുണ്യാളാ" ഞങ്ങളെ കാത്തുകൊള്ളണേ..." എന്ന് വിളിച്ചപേക്ഷിച്ചു. എനിക്ക് ഇവിടെ ഇരുന്നുകൂടെ എന്ന് ഉച്ചത്തിൽ വി.സെബസ്ത്യാനോസിന്റെ രൂപത്തിൽ നിന്ന് ശബ്ദം പുറത്തേക്ക് വന്നു. ഇത് കേട്ട് അത്ഭുതപ്പെട്ട ടിപ്പുസുൽത്താൻ കാഞ്ഞൂർ പള്ളിയെ ആക്രമിക്കാതെ തിരിച്ചുപോയെന്നാണ് പഴമക്കാരുടെ ഭാഷ്യം. അന്നുമുതൽ കാഞ്ഞൂർ പുണ്യാളൻ വിളിച്ചു വിളികേട്ട പുണ്യാളനായി അറിയപ്പെടുന്നു. പള്ളിയെ ആക്രമിക്കുവാൻ ടിപ്പു സുൽത്താൻ വന്ന സമയത്ത് പള്ളിയോട് ചേർന്നുള്ള പെരിയാറിൽ ഒരു അത്ഭുതവെള്ളപ്പൊക്കം ഉണ്ടാവുകയും അവിടെ തമ്പടിച്ചിരുന്ന പട്ടാളക്കാരും പടകോപ്പുകളും ഒലിച്ചുപോവുകയും ചെയ്തു.





# ഏഷ്യയിലെ ഏറ്റവും വലിയ മൂന്ന് പ്രദക്ഷിണങ്ങൾ









കാഞ്ഞൂർ പള്ളിയിലെ തിരുനാളിന്റെ പ്രദക്ഷിണം വളരെയേറെ പ്രസിദ്ധമാണ്. ജനുവരി 19-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് തിരുനാളിന്റെ ആദ്യത്തെ പ്രദക്ഷിണം ഇറങ്ങുകയും വൈകീട്ട് 6 മണിക്ക് പള്ളിയിൽ തിരിച്ചു കയറുകയും ചെയ്യുന്നു. 20-ാം തീയതി ഉച്ചക്ക് 12 മണിക്ക് തിരുനാൾ പ്രദക്ഷിണം ഇറങ്ങി 3 മണിക്ക് പള്ളിയിൽ കയറുന്നു. ഈ രണ്ടു പ്രദക്ഷിണവും മൂന്നു മണിക്കൂർ ദൈർഘ്യം ഉള്ളതും മൂന്ന് അങ്ങാടി ചുറ്റി വരുന്നതുമാണ്. 20-ാം തീയതി വൈകീട്ട് 6.30 മുതൽ 8 മണിവരെ പള്ളി ചുറ്റിയുള്ള സമാപന പദക്ഷിണം നടക്കുന്നു. പ്രദക്ഷിണത്തിന് മുന്നിലായി 101 വാദ്യകലാകാരൻ മാർ അണിനിരക്കുന്ന ചെണ്ടമേളം, അതിനു പുറകിലായി 300ഓളം പൊൻകുരിശും വെള്ളികുരിശുകളും, അതിനു പുറകിലായി ആയിരത്തോളം നാനാവർണ്ണ മുത്തുക്കുടകളും അണിനിരക്കുന്നു. പ്രദക്ഷിണത്തിന്റെ കൂടെ ബാന്റ് സെറ്റുകൾ, നാദസ്വരങ്ങൾ, പഞ്ചവാദ്യങ്ങൾ തുടങ്ങിയവയും അതിനു പുറകിലായി ആയിരക്കണക്കിനു വിശ്വാസികളും തിരുസ്വരൂപവും അണിനിരക്കുന്നു. ദൂരദേശങ്ങളിൽ നിന്ന് ജനങ്ങൾ ഈ പ്രദക്ഷിണത്തിന് നേർച്ച നേർന്ന് കുരിശും കുടയും പിടിച്ച് പങ്കെടുക്കുന്നത് ഇവിടത്തെ മാത്രം പ്രത്യേകതയാണ്. ഒരിക്കൽ ഈ പ്രദക്ഷിണത്തിൽ പങ്കെടുത്തിട്ടുള്ള തീർത്ഥാടകർ എല്ലാ വർഷവും ഇരുപതാം തീയതിയിലെ 12 മണിക്ക് നടക്കുന്ന അത്ഭുതം നേരിട്ട് കണ്ടു ബോധ്യപ്പെടുകയും എല്ലാ വർഷവും മുടങ്ങാതെ ഭക്തിപൂർവ്വം വീണ്ടും പങ്കെടുക്കുകയും ചെയ്യുന്നു.







ശക്തൻ തമ്പുരാനിൽ നിന്നും കാണിക്കയായി ലഭിച്ച ചരിത്ര പ്രസിദ്ധമായ ആനവിളക്ക്

# ശക്തൻ തമ്പുരാനും ആനവിളക്കും

ശക്തൻ തമ്പുരാൻ ജനിച്ചത് കാഞ്ഞൂർ പള്ളിയിൽ നിന്ന് ഒരു വിളിപ്പാടകലെയുള്ള വെള്ളാരപ്പിള്ളി കോവിലകത്താണ്. ഒരിക്കൽ തമ്പുരാൻ പള്ളിയുടെ മുൻപിലൂടെ കുതിരപ്പുറത്ത് എഴുന്നള്ളുമ്പോൾ പള്ളിയുടെ പടിപ്പുരയിൽ ഇരുന്ന ഒരാൾ തമ്പുരാനെ എഴുന്നേറ്റ് വണങ്ങിയില്ല. ഇതിൽ കോപിഷ്ഠനായ തമ്പുരാൻ പള്ളിയുടെ പടിപ്പുര പൊളിച്ച് കളയുവാൻ ഉത്തരവ് നൽകി. ഭൃത്യന്മാർ പടിപ്പുര പൊളിക്കുവാൻ തുടങ്ങിയപ്പോൾ, തമ്പുരാന്റെ കോവിലകത്തെ ആന കോവിലകത്തെ പടിപ്പുര തകർക്കുവാൻ തുടങ്ങി. കാഞ്ഞൂർ പള്ളിയിലെ വി. സെബസ്ത്യാനോസ് പുണ്യാളൻ അത്ഭുതശക്തിയുള്ള ദിവ്യനാണെന്നും, അവിടത്തെ കോപമാണ് ഇതിന് കാരണമെന്നും വെളിച്ചപ്പാട് തമ്പുരാനെ ബോധിപ്പിച്ചു. ഇതുകേട്ട തമ്പുരാന് വിശ്വാസം വരികയാൽ പ്രായ്ശ്ചിത്തമായി പുണ്യാളന് സമർപ്പിച്ചതാണ് പ്രസിദ്ധമായ ആനവിളക്ക്. നരസിംഹത്തിന്റെ തലയോടുകൂടിയ തുടൽവിളക്കിന്റെ തട്ടിൽ ആനയും ആനപ്പുറത്ത് പൂണൂൽ ധരിച്ച പൂജാരിയുമായിട്ടുള്ളതാണ് കാഞ്ഞൂർ പള്ളിയിലെ പ്രസിദ്ധമായ ആനവിളക്ക്.

# കൊത്തുപണികളാൽ അലംകൃതമായ പ്രസംഗപീഠം

കാഞ്ഞൂർപള്ളിയിൽ വരുന്ന വിദേശികളും സ്വദേശികളുമായ തീർത്ഥാടകരെ അത്ഭുതപ്പെടുത്തുന്നതും കൊത്തുപണികളാൽ അലംകൃതവുമായ പ്രസംഗപീഠം ഒരു വിസ്മയ കാഴ്ചയാണ്. പള്ളിയുടെ മദ്ധ്യഭാഗത്ത് കോളാമ്പി പൂവിന്റെ ആകൃതിയിൽ ആനയുടെ വായിൽ നിന്നും പുറപ്പെടുന്ന സസ്യഞെട്ടിൽ വിടരുന്ന പൂവായിട്ടാണ് കാഞ്ഞൂരിലെ ഈ മനോഹര പ്രസംഗപീഠം. പീഠത്തിനു മുകളിൽ പരിശുദ്ധാത്മവിന്റെ പ്രതീകമായ പ്രാവിന്റെ ചുണ്ടിൽ പ്രസംഗപീഠത്തിന്റെ മേലാപ്പ് തൂങ്ങികിടക്കുന്നു. പണ്ട് മൈക്കുകൾ ഇല്ലാതിരുന്ന കാലത്ത് വൈദീകർ ഈ പീഠത്തിൽ നിന്നാണ് പ്രസംഗിച്ചിരുന്നത്.





പരിശുദ്ധ മാതാവിന്റെ നാമധേയത്തിൽ സ്ഥാപിതമായ കാഞ്ഞൂർ പള്ളിയിൽ പരിശുദ്ധ അമലോത്ഭവമാതാവിന്റെ

**ദർശനതിരുനാൾ**

**എല്ലാ വർഷവും ഡിസംബർ 8 – ാം തീയതി** ആഘോഷിക്കുന്നു. രാവിലെ 9.00ന് ദിവ്യബലി തുടർന്ന് പ്രദക്ഷിണം ശേഷം പതിനായിരങ്ങൾക്ക് നേർച്ച സദ്യ എന്നിവ നടത്തപ്പെടുന്നു.

# ഒറ്റക്കല്ലിൽ തീർത്ത മാമ്മോദീസ തൊട്ടിൽ



കാഞ്ഞൂർ പള്ളയിലെ ശ്രദ്ധേയമായ ഒരു കാഴ്ചയാണ് ഈ മാമ്മോദീസക്കല്ല്. നൂറ്റാണ്ടുകൾ പഴക്കമുള്ളതും ഒറ്റക്കല്ലിൽ പണിതീർത്തതുമായ മാമ്മോദീസക്കല്ലിൽ വിചിത്രങ്ങളായ പല കൊത്തുപണികളും ഉണ്ട്. ക്രിസ്തുമതവിശ്വാസികൾ കുഞ്ഞു ങ്ങളെ വിശുദ്ധ ജലം കൊണ്ട് മാമ്മോദീസ നടത്തുന്നത് ഇവിടെയാണ്. പള്ളിയിൽ എത്തുന്ന തീർത്ഥാടകരെ ഏറെ ആകർഷിക്കുന്ന ഈ ഒറ്റക്കല്ലിൽ തീർത്ത മാമ്മോദീസക്കല്ല് അപൂർവ്വമായതും വളരെയേറെ വലിപ്പമുള്ളതിനാലും ധാരാളമാളുകൾ ഇതിന്റെ ചിത്രം ചരിത്ര പഠനത്തിനായി ശേഖരിക്കാറുണ്ട്

# പുണ്യാളനും പരുന്തും



## എല്ലാ വർഷവും പുണ്യാളന്റെ രൂപം ഇറങ്ങുന്ന നേരത്ത് നടക്കുന്ന അത്ഭുതം

ജനുവരി ഇരുപതാം തീയതി ഉച്ചയ്ക്ക് 12 മണിക്ക് ഇറങ്ങുന്ന തിരുനാൾ പ്രദക്ഷിണത്തിന് പുണ്യാളനെ അകമ്പടി സേവിക്കുവാൻ എല്ലാ വർഷവും പരുന്തുകൾ വട്ടമിട്ട് പറക്കുന്നതും നട്ടുച്ചയ്ക്കും നക്ഷത്രങ്ങൾ തെളിഞ്ഞു കാണുന്നതും തീർത്ഥാടകരെ നിർവൃതിയിലെത്തിക്കുന്നു. ഈ പരുന്തുകൾ വരുന്നതിന് ഒരു ചരിത്രം പറയുന്നുണ്ട്. പരുന്തുകളെ പുണ്യാളന് വളരെ ഇഷ്ടമായിരുന്നു. സെബ്ത്യാനോസിനെ അമ്പെയ്ത് മരിക്കാതെ വന്നപ്പോൾ ഗദകൊണ്ട് തലയ്ക്ക് അടിച്ചുകൊന്നു കഴുകന്മാർക്ക് ഭക്ഷിക്കാൻ കൊടുത്തു. കഴുകന്മാരും, നരികളും ഉപദ്രവിക്കാതെ ആ ശരീരത്തിനു ചുറ്റും പരുന്തുകൾ കാവൽ നിന്നു. നട്ടുച്ചയ്ക്കും നക്ഷത്രങ്ങൾ മിന്നി നിന്നു എന്നാണ് പറയുന്നത്. അതുകൊണ്ടാണ് വി.സെബസ്ത്യാനോസ് മരിച്ച ജനുവരി 20ന് പ്രധാന തിരുനാൾ കൊണ്ടാടുന്ന കാഞ്ഞൂർ പള്ളിയിലെ പുണ്യവാന്റെ തിരുസ്വരൂപം അങ്ങാടി പ്രദക്ഷിണത്തിന് ഇറങ്ങുമ്പോൾ മുതൽ പരുന്തുകൾ വട്ടമിട്ട് പറക്കുന്നതും നക്ഷത്രങ്ങൾ തെളിയുന്നതെന്നും ഭക്തർ ഇപ്പോഴും വിശ്വസിക്കുന്നത്.





പഴച്ചാറും ഇലച്ചാറും തങ്ക



സ്മവും ചാലിച്ചെടുത്ത ചിത്രപ്പണികൾ കൊണ്ട് അലങ്കൃതമായ നൂറ്റാണ്ടുകൾ പഴക്കമുള്ള ചരിത്ര പ്രസിദ്ധമായ പ്രധാന അൾത്താര.

# കാഞ്ഞൂർ പള്ളിയും പുരാതന ചിത്രകലകളും

പള്ളിക്കകത്തെ ചിത്രപണികളും കൊത്തുവേലകളും കാഞ്ഞൂർ പള്ളിയുടെ പഴക്കത്തിന്റെ ആക്കവും തൂക്കവും വിളിച്ചറിയിക്കുന്നതാണ്. മദ്ബഹായുടെ മുകളിലുള്ള ആർച്ച് ഭാഗത്തു കാണപ്പെടുന്ന മനോഹരങ്ങളായ ചിത്രങ്ങൾ, പച്ചിലച്ചാറും പഴച്ചാറും തങ്കഭസ്മവും ചാലിച്ചെടുത്ത പെയിന്റിംഗുകൾ നൂറ്റാണ്ടുകൾ കഴിഞ്ഞിട്ടും പുതുമ നഷ്ടപ്പെടാതെ ഇന്നും നിലനിൽക്കുന്നു. ഈ വാസ്തുവിദ്യയും ശിൽപ്പഭംഗിയും ശിൽപ്പകലാരംഗത്തെ ഒരു മുതൽകൂട്ടാണ്. ലോക പ്രസിദ്ധമായ സർവ്വവിജ്ഞാനകോശഗ്രന്ഥത്തിൽ കൊടുത്തിട്ടുള്ള അൾത്താരയുടെ പടം കാഞ്ഞൂർ പള്ളിയുടേതാണ്. ഇന്ത്യയിലും വിദേശത്തുമുള്ള പല ചിത്രകാരന്മാരും കാഞ്ഞൂർ പള്ളിയിലെ പുരാതനമായ ഈ ചിത്രകലയെക്കുറിച്ച് മനസ്സിലാക്കുവാനും പഠിക്കുവാനും പള്ളിയിൽ എത്താറുണ്ട്.






അൾത്താരയിലെ ചുവർ ചിത്രങ്ങൾ


## ടിപ്പുവിന്റെ പടയോട്ടം

പള്ളിയുടെ ആനവാതിലിന്റെ ഇരുവശത്തുമായി മൈസൂർ പടയെ തുരത്തിയ തിരുവിതാംകൂറിന്റെ സൈന്യത്തെ ചിത്രീകരിച്ചിരിക്കുന്നു. ടിപ്പുവിന്റെ പടയ്ക്കെതിരെ യുദ്ധം ചെയ്യുന്ന പീരങ്കിപടയും, മറുവശത്ത് അയ്യപ്പൻ മാർത്താണ്ഡ പിള്ളയുടെ നേതൃത്വത്തിലുള്ള കാലാൾപ്പടയുമാണ് ചിത്രീകരിച്ചിരിക്കുന്നത്. 1790ൽ ആലുവയുടെ പരിസരങ്ങളിൽ നടന്ന യുദ്ധത്തിന്റെ ഭീകരത ഈ ചിത്രങ്ങളിൽ പ്രതിഫലിച്ചിരിക്കുന്നു.




ഫ്രാൻസിൽ നിന്നും കൊണ്ടു വന്ന പുരാതന മണികൾ സ്ഥാപിച്ചിട്ടുള്ള മണിമാളിക



വിളിച്ചവരെ കൈവിടാത്ത പുണ്യാളന്റെ സാന്നിധ്യം നിറഞ്ഞ കാഞ്ഞൂർ പള്ളിയുടെ ഉൾവശം

# തിരുനാൾ കമ്മിറ്റി

കാഞ്ഞൂർ പള്ളി സ്ഥാപിതമായതിന്റെ 1025-ാം ജൂബിലി വർഷത്തിൽ, വിളിച്ചു വിളികേട്ട വി. സെബസ്ത്യാനോസിന്റെ തിരുനാൾ നമ്മൾ ജനുവരി 19, 20 തീയതികളിലും എട്ടാമിടം ജനുവരി 26, 27 തീയതികളിലും സാഘോഷം കൊണ്ടാടുകയാണ്. നർബോണയിൽ ജനിച്ച്, ഡയോക്ലിഷ്യന്റെ ധീര പടനായകനായിരുന്ന വി. സെബസ്ത്യാനോസ്, വിശ്വാസത്തെ പ്രതി ക്രിസ്തുവിനുവേണ്ടി രണ്ടു പ്രാവശ്യം പീഡനമേൽക്കുകയും ഒടുവിൽ ജീവത്യാഗം ചെയ്ത വ്യക്തിയാണ്. വിശുദ്ധന്റെ മാധ്യസ്ഥം വഴി പഞ്ഞം, പട, വസന്ത എന്നിവയിൽ നിന്ന് അത്ഭുതകരമായി രക്ഷപ്പെട്ട അനേക ചരിത്രസാക്ഷ്യങ്ങൾ കാഞ്ഞൂർ മണ്ണിനുണ്ട്. ടിപ്പുവിന്റെ പടയോട്ട കാലത്ത് കാഞ്ഞൂർ പള്ളിയെ ടിപ്പു ആക്രമിക്കാൻ വന്നപ്പോൾ കാഞ്ഞുർ പള്ളിയെ സംരക്ഷിക്കണമെന്ന ദൈവജനത്തിന്റെ വിളി കേട്ട പുണ്യാളനാണ് വിളിച്ചു വിളി കേട്ട കാഞ്ഞൂർ പുണ്യാളൻ. ശക്തൻ തമ്പുരാന്റെ വിശ്വാസപ്രതീകമായ ആനവിളക്കും നാനാജാതിമത സ്ഥരുടെ വിശുദ്ധനോടുള്ള സ്നേഹവും തിരുസ്വരൂപത്തിന് ചുറ്റും വട്ടമിട്ട് പറക്കുന്ന പരുന്തുകളും ഇതിന്റെ പ്രകടമായ തെളിവുകളാണ്.

ഈ തിരുനാൾ മനോഹരമാക്കാനും വിശുദ്ധ സെബസ്ത്യാനോസിന്റെ മധ്യസ്ഥാനുഗ്രഹങ്ങൾ സ്വീകരിക്കാനും പ്രത്യേകം സഹകരിക്കുമല്ലോ.



**ജോയ് ഇടശ്ശേരി**
ജന. കൺവീനർ
(9496121527)



**ജോഷി ചേറ്റുകൽ**
(ജോ: കൺവീനർ)



**ബിജു പെരുമയൻ**
(സെക്രട്ടറി)



**ലിജോ ഐക്യരത്ത്**
(ജോ: സെക്രട്ടറി)



**ജോജി പുതുശ്ശേരി**
(ട്രഷറർ)

## തിരുനാൾ ആഘോഷ കമ്മിറ്റി അംഗങ്ങൾ



## കൈക്കാരൻമ്മാർ



ജോസി കോഴിക്കാടൻ



ജോസ് പാറയ്ക്ക

## വൈസ് ചെയർമാൻ



ഡേവിസ് വരേകുളം

## ദേവാലയ ശുശ്രൂഷികൾ



ഡേവിസ് മാഞ്ഞാലി



വർഗ്ഗീസ് ഇടശ്ശേരി

## അക്കൗണ്ടന്റ്



വിൻസൻറ് ചേറ്റുങ്ങൽ



സിജി ദേവസിക്കുട്ടി

## ക്ലർക്ക്



ദേവസിക്കുട്ടി പയ്യപ്പിള്ളി

## പള്ളി സഹായി



ദേവസിക്കുട്ടി പോട്ടോകാരൻ

## സബ്കമ്മിറ്റി ലീഡേഴ്സ്



സിജോ മാരേക്കാടൻ



ഡേവിഡ് പടയാട്ടിൽ



അനീഷ് പെരുമായൻ



ജിസ്മോൻ നായരുവേലി



ബെന്നി മേച്ചേരി



സിജോ മരോട്ടിപ്പറമ്പൻ



തോമസ് പാലാട്ടി



ജേക്കബ് ഇടശ്ശേരി



ആന്റു വെട്ടിയാടൻ



സാബു തളിയൻ



മാത്യു മാളിയേക്കൽ



ജോൺസൺ കാച്ചപ്പിള്ളി



വിൽസൺ വെളുത്തേപ്പിള്ളി



സണ്ണി കാഞ്ഞിരിത്തിങ്കൽ



ജോയി കാച്ചപ്പിള്ളി



പുണ്യാളന്റെ തിരുസന്നിധിയിലെ 85 അടി ഉയരമുള്ള കൊടിമരം. 7 കൂദാശകൾ കൊടിമരത്തിലും എട്ട് വിശുദ്ധരുടെ ചിത്രങ്ങൾ കൊടിമരത്തിന്റെ താഴെയും ആലേഖനം ചെയ്തിട്ടുണ്ട്.



## പ്രാർത്ഥനകൾക്ക് അത്ഭുതങ്ങളിലൂടെ മറുപടി നൽകുന്ന വിശുദ്ധന്റെ അത്ഭുത തിരുസ്വരൂപം.

1600 ൽ ഇന്ത്യയിലേക്കുള്ള യാത്രയിൽ വെച്ച് തന്നെ കാഞ്ഞൂരിനെ ലക്ഷ്യമാക്കി കിടക്കു വടക്കായി സ്വയം തിരിഞ്ഞു എന്ന് ചരിത്രം പറയുന്നു. പിതാമഹന്മാരിൽ നിന്ന് വായ്മൊഴിയായി ലഭിച്ച ഈ വിശ്വാസസത്യം നൂറ്റാണ്ടുകളായി വരും തലമുറയിലേക്ക് പകർന്നുവരുന്ന കാഞ്ഞൂരിലെ നാനാ ജാതി മതസ്ഥർ തങ്ങളെ സ്വയം തിരഞ്ഞെടുത്ത് തങ്ങളോടൊപ്പം കാഞ്ഞൂരിൽ ജീവിക്കുന്ന വിശുദ്ധ സാന്നിധ്യമായ പുണ്യാളന്റെ അത്ഭുത പ്രവർത്തികളിൽ അടിയുറച്ചു വിശ്വസിക്കുന്നു.



പള്ളിയുടെ പ്രധാന കവാടമായ ആനവാതിലും ഇരുവശത്തുള്ള കരിങ്കല്ലിൽ കൊത്തി ഉണ്ടാക്കിയ തൂണുകളും



പതിനെട്ടാം നൂറ്റാണ്ടിൽ സ്ഥാപിതമായ ബ്രിട്ടീഷ് മാതൃകയിലുള്ള പള്ളിമേട




കാഞ്ഞൂർ പള്ളി സ്ഥാപിതമായി 1025 വർഷം പൂർത്തീകരിച്ചതിന്റെ 1025 –ാമത് ജൂബിലി വർഷ ആഘോഷത്തിന്റെ ഭാഗമായി സ്വന്തമായി സ്ഥലവും വീടും ഇല്ലാത്തവർക്ക് പള്ളി സൗജന്യമായി നിർമ്മിച്ചു നൽകിയ ജൂബിലി ഭവനങ്ങൾ.



പള്ളിയുടെ മുൻപിൽ നൂറ്റാണ്ടുകൾ പഴക്കമുള്ള
**ഒറ്റക്കല്ലിൽ തീർത്ത കൽകുരിശ്**

## കാഞ്ഞൂർ പള്ളിയിലെ പ്രസിദ്ധമായ വെടിക്കെട്ട്

കാഞ്ഞൂർ പള്ളിയിലെ വെടിക്കെട്ട് വളരെ പ്രസിദ്ധമാണ്. ശക്തൻ തമ്പുരാന്റെ കാലത്ത് കാഞ്ഞൂർ പള്ളിയിലെ തിരുനാളിന് കതിനയുടെ നിരന്തരമായ വെടിയൊച്ച തമ്പുരാന് അസഹ്യമായപ്പോൾ കതിനകളെല്ലാം പള്ളിയോട് ചേർന്ന പെരിയാർ നദിയിൽ കളയുവാൻ കല്പിച്ചു. എന്നാൽ തിരുനാളിന്റെ പ്രദക്ഷിണത്തിന് പുണ്യാളന്റെ രൂപം ഇറങ്ങിയപ്പോൾ ആ കതിനകളെല്ലാം വെള്ളത്തിൽ കിടന്ന് ഉച്ചത്തിൽ പൊട്ടി. ഇത് നേരിൽ കണ്ട തമ്പുരാൻ പുണ്യാളനെ വന്ന് വണങ്ങുകയും പള്ളിയുടെ സ്ഥലങ്ങളെല്ലാം കരം ഒഴിവാക്കി നൽകുകയും ചെയ്തു.

നെടുമ്പാശ്ശേരി എയർപോർട്ടിലേക്ക് വിമാനങ്ങൾ താഴ്ന്നിറങ്ങുന്നത് കാഞ്ഞൂർ പള്ളിയോട് ചേർന്നാണ്. കാഞ്ഞൂർ തിരുനാളിന് നൂറ്റാണ്ടുകളായി നടന്നുവരുന്ന വെടിക്കെട്ടിന് തടസ്സമുണ്ടാകാതിരിക്കുന്നതിനുവേണ്ടി വിമാനത്താവള അധികൃതർ തിരുനാൾ ദിവസങ്ങളിൽ വെടിക്കെട്ടിന്റെ സമയത്ത് വിമാനങ്ങളുടെ സമയക്രമങ്ങളിൽ മാറ്റം വരുത്തി, വിശുദ്ധന്റെ തിരുനാളിനോട് വളരെയേറെ സഹകരിച്ചു പോരുന്നു. തിരുനാൾ വെടിക്കെട്ട് ആസ്വദിക്കുന്നതിന് വേണ്ടി ദൂരദേശങ്ങളിൽ നിന്നും നിരവധി ആളുകൾ എത്താറുണ്ട്

**പള്ളിയുടെ പഴക്കം വിളിച്ചോതുന്ന പ്രാചീന ശിലാ ലിഖിതങ്ങളും താളിയോലകളും വട്ടെഴുത്തുകളും**










തിരുനാളാശംസകളോടെ...

# FRIENDS OF DUBAI

REG. NO. EKM/TC/112/2025

തിരുനാളിനോടനുബന്ധിച്ച്
**17–ാം മത് കുർബാനയും, നൊവേനയും**
**ടൗൺ കപ്പേളയിൽ**
2026 ജനുവരി 17 ശനിയാഴ്ച വൈകിട്ട് 5.30ന്
**കാർമികൻ: റവ.ഫാ. ജേക്കബ് മഞ്ഞളി**
(ധ്യാന ഗുരു, മറ്റൂർ പള്ളി വികാരി)







## പള്ളിയുടെ വിവിധ മുഖങ്ങൾ





## പള്ളിയുടെ പഴമ വിളിച്ചോതുന്ന പഴയ ചിത്രങ്ങൾ








GOLDEN DIGITAL STUDIO
MALAYATTOOR ROAD KALADY

MOB : 9847772467
OFF : 0484 - 2466864



പ്രഭ സ്റ്റുഡിയോ കാഞ്ഞൂർ
Mob : 9447294313
8921087091

Mob : 9447294313
8921087091




സപ്ലിമെന്റ് & എഡിറ്റിംഗ്
കോ – ഓഡിനേറ്റർ
ബെസ്റ്റിൻ വർഗ്ഗീസ്
ചിറയത്ത്
9037425590


തിരുനാളാശംസകളോടെ...

Skylinks Tours & Travels – Gateway to the World

Skylinks
Tours & Travels Pvt Ltd

ANGAMALY
Mob: 09495383002
MOOKKANNOOR

# പള്ളിയിലെ തിരുകർമ്മങ്ങളുടെ സമയം

| | |
|---|---|
| ഞായർ | : **വി. കുർബ്ബാന**<br>5.30 a.m., 7.00 a.m, 8.45 a.m, 10.00 a.m, 5.00 p.m |
| തിങ്കൾ വ്യാഴം | : **വി. കുർബ്ബാന**<br>5.30 a.m, 7.00 a.m., |
| വെള്ളി | : **വി. കുർബ്ബാന**, കുമ്പസാരം 5.30 a.m, 7.00 a.m, 10.30 a.m, 5.30 p.m<br>വി. സെബസ്ത്യാനോസിന്റെ നൊവേന, ലദീഞ്ഞ് |
| ആദ്യവെള്ളി | : **വി. കുർബ്ബാന**, കുമ്പസാരം 5.30 a.m, 7.00 a.m, 10.30 a.m, 5.30 p.m<br>കുർബ്ബാനക്കുശേഷം വചനപ്രഘോഷണം, ആരാധന, നേർച്ചകഞ്ഞി |
| ശനി | : **വി. കുർബ്ബാന** 5.30 a.m. 7.00 a.m<br>പരിശുദ്ധ അമലോത്ഭവമാതാവിന്റെ നൊവേന |

**ദുഖഃവെള്ളിയാഴ്ച ഒഴികെയുള്ള എല്ലാ വെള്ളിയാഴ്ചകളിലും രാവിലെ 5.30, 7.00, 10.30, വൈകീട്ട് 5.30 എന്നീ സമയങ്ങളിൽ വി. കുർബാനയും പുണ്യാളന്റെ നൊവേനയും ഉണ്ടായിരിക്കും.**



കാഞ്ഞൂർ പള്ളി

## കാഞ്ഞൂർ പള്ളിയിലേക്ക് എത്തിച്ചേരുവാൻ ഉള്ള വഴി

നെടുമ്പാശ്ശേരി എയർപോർട്ടിൽ നിന്നും 5 K.M ദൂരത്താണ് കാഞ്ഞൂർ പള്ളി. അങ്കമാലി N.H ജംഗ്ഷനിൽ നിന്നും എം.സി റോഡ് വഴി 8 കിലോ മീറ്ററും പെരുമ്പാവൂരിൽ നിന്ന് 7 കിലോ മീറ്ററും കഴിഞ്ഞാൽ കാലടി ജംഗ്ഷനിൽ എത്തും. കാലടി ജംഗ്ഷനിൽ നിന്ന് കാലടി- ആലുവ റൂട്ടിൽ 3 K.M ദൂരത്താണ് കാഞ്ഞൂർ പള്ളി സ്ഥിതി ചെയ്യുന്നത്. ആലുവയിൽ നിന്ന് വരുന്നവർക്ക് ദേശം കവലിൽ നിന്ന് വലത്തോട്ട് തിരിഞ്ഞാൽ 10 കിലോമീറ്റർ സഞ്ചരിച്ചാൽ പള്ളിയിലെത്തും. പെരുമ്പാവൂരിൽ നിന്ന് വരുന്നവർക്ക് കാലടി ജംഗ്ഷൻ കൂടാതെ വല്ലം കടവ് - പാറപ്പുറം പാലം വഴി 8 കിലോ മീറ്റർ സഞ്ചരിച്ചാൽ പള്ളിയിൽ എത്താൻ സാധിക്കും. കാഞ്ഞൂർ പള്ളിയിൽ നിന്ന് 12 K.M ദൂരം മാത്രമാണ് മലയാറ്റൂർ അടിവാരത്തിലേക്ക് ഉള്ളത്.

Ph :0484-2462263
E-mail: kanjoorchurch@gmail.com
www.kanjoorchurch.com
www.stmarysforanechurch.com

Follow us on


# കാഞ്ഞൂർ സർവ്വീസ് സഹകരണ ബാങ്ക്

ക്ലിപ്തം നമ്പർ 454, കാഞ്ഞൂർ. പി. ഒ, ബ്രാഞ്ച് - ചെങ്ങൽ

H.O. കാഞ്ഞൂർ P.O. 683575 (പ്രവർത്തനസമയം : 8 a.m. to 7.30 p.m.)
ഈവനിംഗ് ബ്രാഞ്ച് - ചെങ്ങൽ,കാലടി പി.ഒ. (പ്രവർത്തനസമയം : 2 p.m. to 7.30 p.m.)
കളക്ഷൻ സെന്ററുകൾ : തുറവുംകര ( 8.30 a.m. to 1 p.m), തെക്കേ അങ്ങാടി (10 a.m. to 4.30 p.m.) കൈപ്ര - ശാന്തിനഗർ (10 a.m. to 4.30 p.m.)
H.O.Ph: 0484 - 2462382, Br. Ph: 0484 - 2465182, Neethi Ph : 0484 - 2698014, AMBULANCE Mob: 9497757473, kscb454@gmail.com

സഹകരണ നീതി സൂപ്പർ മാർക്കറ്റ്

വിധവകൾക്കായുള്ള തൊഴിൽ സംരംഭം

വമ്പിച്ച വിലക്കുറവിന്റെ മഹാവിസ്മയം
അനുഭവിച്ചറിയുവാൻ ഏവർക്കും... സ്വാഗതം...

ഫ്രീ ഹോം ഡെലിവറി
മിനിമം പർച്ചേസ് 500 രൂപ.
5 കിലോമീറ്റർ ചുറ്റളവിൽ

ഫ്രൂട്ട്സ് & വെജിറ്റബിൾസ് വൻ വിലക്കുറവിൽ
8590 68 62 62

FREE HOME DELIVERY
9 am to 5 pm

PH: 0484 2463335
സഹകരണ നീതി മെഡിക്കൽ ലാബ്
COMPUTERISED
പ്രവർത്തന സമയം : രാവിലെ 6.30 മുതൽ വൈകുന്നേരം 6.30 വരെ
ഞായറാഴ്ച : രാവിലെ 6.30 മുതൽ 12.30 വരെ

PH: 0484 2698014
സഹകരണ നീതി മെഡിക്കൽ സ്റ്റോർ
സഹകരണ നീതി മെഡിക്കൽ സ്റ്റോർ 40% വരെ വിലക്കുറവിൽ മരുന്നുകൾ ലഭിക്കുന്നു.

24 മണിക്കൂറും ആംബുലൻസ് സേവനം ലഭ്യമാണ്.
ബന്ധപ്പെടേണ്ട നമ്പർ : 8547070944

# MasterBird®

*Flying to Heights*

NEET,JEE COACHING CENTRE

**NEET | JEE | KEAM | CUET | IMU CET**

# REPEATER 2026-2027
# CRASH 2026
# WEEKEND BATCHES

**Hostel**
Facilities For
Boys & Girls

( PLUS ONE AND PLUS TWO TUTION WITH ENTRANCE )

Our Future Doctors



**NEET RESULT 2025** 16 MBBS 30 BDS

ഉറപ്പാക്കാം....വിജയം.....

CONTACT US 9847044441, 99957 84605, 99956 07953, 8590859749

H.O: KOLENCHERY, BR. TRIPUNITHURA, PERUMBAVOOR, MUVATTUPUZHA,PIRAVOM,KOTHAMANGALAM,ALUVA

Camerry®
ICE CREAM




*Love has many flavours*

www.camerry.in | CUSTOMER CARE NO : 1800 889 2080